"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ്- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം- ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിലെ അദ്ധ്യാപക തസ്തികകളുടെ സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.97/2025/AYUSH തീയതി,തിരുവനന്തപുരം, 20-02-2025

---

പരാമർശം:- ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 14.02.2025-ലെ ഇ4/374/2024/ഡിഎംഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ ഒഴിവ് വന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിന് നിയമന നടപടികൾക്കായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് കേരള സർക്കാർ പ്രതിനിധിയെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒല്ലൂർ വൈദ്യരത്നം ആയുർവേദ കോളേജിൽ സർക്കാർ അനുവദിച്ച ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്നതിനായി നിയമന നടപടികൾക്കുള്ള സെലക്ഷൻ കമ്മിറ്റിയിലേക്ക് കേരള സർക്കാർ പ്രതിനിധിയായി ആയുഷ് വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. സമീർകുമാർ ഒ.ജെ. യെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
മാനേജർ, വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ , തൃശ്ശൂർ
പ്രിൻസിപ്പൽ, വൈദ്യരത്നം ആയുർവേദ കോളേജ്, ഒല്ലൂർ , തൃശ്ശൂർ
ശ്രീ. സമീർകുമാർ ഒ.ജെ. ഡെപ്യൂട്ടി സെക്രട്ടറി, ആയുഷ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം
വെബ് & ന്യൂമീഡിയ (പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 21-02-2025 10:40:47
സെക്ഷൻ ഓഫീസർ